(ബി) ഈ പദ്ധതിയിൻ കീഴിൽ ഏതൊക്കെ നദിയോര സ്ഥലങ്ങൾ ഏറ്റെടുത്തു ;

(സി) ഇത്തരത്തിൽ ഏറ്റെടുത്ത സ്ഥലങ്ങളിൽ ഇതുവരെ എന്തൊക്കെ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഈ പദ്ധതി ദേശീയ ജലപാത അതോറിറ്റി നേരിട്ടാണ് നടത്തുന്നത്. ദേശിയ ജലപാത വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ 11 ടെർമിനലുകൾ നർമ്മിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(1) കാക്കനാട് (2) കോട്ടപ്പുറം (3) ആലുവ (4) മരട് (5) വൈക്കം (6) തണ്ണീർമുക്കം (7) ആലപ്പുഴ (8) തൃക്കുന്നപ്പുഴ (9) ആയിരംതെങ്ങ് (10) ചവറ (11) കൊല്ലം. ഇതിൽ താഴെപറയുന്ന 7 എണ്ണം നിർമ്മാണം പൂർത്തിയായതായി IWAI അറിയിച്ചിട്ടുണ്ട്.

(i) കോട്ടപ്പുറം

(ii) ആലുവ-ഇടയാർ

(iii) മരട്

(iv) വൈക്കം

(v) തണ്ണീർമുക്കം

(vi) തൃക്കുന്നപ്പുഴ

(vii) ആയിരംതെങ്ങ് (കായംകുളം)

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

ലോട്ടറിവകുപ്പിൽ നടപ്പാക്കിയ ഭരണ പരിഷ്കാര നടപടികൾ

30 (*480) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി വകുപ്പിൽ ഈ സർക്കാർ വന്നശേഷം നടപ്പാക്കിയ ഭരണ പരിഷ്ക്കാര നടപടികൾ വിശദമാക്കുമോ ;

(ബി) വകുപ്പിന്റെ ഘടനയിലും നടത്തിപ്പിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(സി) ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭാഗ്യക്കുറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ടോ ;

(ഇ) ഭാഗ്യക്കുറി വിറ്റുവരവിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട് ;

(എഫ്) സമ്മാന ഘടനയിൽ വരുത്തിയ മാറ്റങ്ങൾ മൂലം വിറ്റുവരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ & ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പ് സമഗ്രമായ പരിഷ്കാരങ്ങൾക്ക് വിധേയമാക്കി. ഇതിന്റെ ഭാഗമായി 15-5-2007-ലെ ജി.ഒ.(എം.എസ്.) നമ്പർ 124/07/റ്റിഡി നമ്പർ ഉത്തരവിലൂടെ വകുപ്പിന്റെ നവീകരണത്തിനും സമഗ്രമായ പുനഃസംഘടനയ്ക്കും സർക്കാർ ഉത്തരവായി. ഇതിന്റെ വെളിച്ചത്തിൽ സർക്കാരിൽ നിക്ഷിപ്തമായിരുന്ന ഏതാനും അധികാരങ്ങൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നൽകിയതിനെ തുടർന്ന് പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കുന്നതിന്, സമ്മാന ഘടന പരിഷ്കാരം, പരസ്യ പ്രചാരണം തുടങ്ങിയ മേഖലകളിൽ ഭാഗ്യക്കുറി ഡയറക്ടർക്ക് തന്നെ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 1 ലക്ഷം രൂപ വരെയുള്ള സമ്മാന ക്ലെയിമുകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്കും 20 ലക്ഷം രൂപവരെയുള്ള ക്ലെയിമുകൾ സമ്മാന വിഭാഗം ഡെപ്യൂട്ടി ഡയറക്ടർക്കും 20 ലക്ഷം രൂപയ്ക്കു മുകളിലുള്ള ക്ലെയിമുകൾ ഭാഗ്യക്കുറി ഡയറക്ടർക്കും പാസ്സാക്കി നൽകാവുന്നതാണ്.

കൂടുതൽ റവന്യൂ വരുമാനം സ്വരൂപിക്കുന്നതിനായി പുതുതായി 3 പ്രതിവാര ഭാഗ്യക്കുറികളും 2 ദൈവാര ഭാഗ്യക്കുറികളും ആരംഭിച്ചു.

ചൈതന്യ പ്രതിവാര ഭാഗ്യക്കുറിയുടെ സമ്മാന ഘടന ഇന്നോവ കാർ കൂടി വാഗ്ദാനം ചെയ്ത് പരിഷ്കരിച്ചു. ഏജന്റുമാർക്കും വിൽപ്പനക്കാർക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകി.

ടിക്കറ്റുകളിലെ സുരക്ഷിതത്വ സംവിധാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബാർകോഡിംഗ് സംവിധാനം നടപ്പിലാക്കി. കാക്കനാട് കെ.ബി.പി.എസ്., മണ്ണന്തല ഗവൺമെന്റ് പ്രസ്സ് എന്നിവയ്ക്കു പുറമേ KSAV&RC-യിലും ടിക്കറ്റ് അച്ചടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

വിൽപന പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഏജന്റുമാർക്ക് ബാങ്ക് ഗ്യാരണ്ടി വ്യവസ്ഥയിൽ ടിക്കറ്റുകൾ കടമായി നൽകി തുടങ്ങിയത് വിൽപനയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി.

ഏജൻസി ശൃംഖല വിപുലപ്പെടുത്തുന്നതിലേക്കായി ഏജൻസി ഫീസ് 400 രൂപയിൽനിന്നും 200 രൂപയായും പുതുക്കൽ ഫീസ് 100 രൂപയിൽനിന്ന് 50 രൂപയായും കുറവ് ചെയ്യുകയും കാഷ്വൽ ഏജൻസി ഫീസ് 50 രൂപയായി നിജപ്പെടുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മൊത്തം വിറ്റുവരവിന്റെ 3% വരുന്ന തുക പരസ്യ പ്രചാരണത്തിന് ഉപയോഗിക്കുന്നതിന് അനുമതി ലഭിച്ചതിനെ തുടർന്ന് പരസ്യങ്ങൾക്കായി പത്ര ടെലിവിഷൻ മാധ്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

വിവിധ ഓഫീസുകൾ നവീകരിക്കുന്നതിന് ഡയറക്ടറേറ്റിന് 38.85 ലക്ഷം രൂപയും മേഖല ഭാഗ്യക്കുറി ഡയറക്ടറേറ്റിന് 25 ലക്ഷം രൂപയും ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾക്ക് 50 ലക്ഷം രൂപയും 2009-10-ൽ അനുവദിച്ചു.

ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി ബി.എസ്.എൻ.എൽ ക്ലോസ്ഡ് യൂസർ സമ്പ്രദായം നടപ്പിലാക്കി.

സർക്കാർ നിർദ്ദേശാനുസരണം ഭാഗ്യക്കുറി വെബ്സൈറ്റ് Content Management Frame Work-ലേക്ക് മാറ്റുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി.

നിലവിലുണ്ടായിരുന്ന ക്ഷേമനിധി വിപുലീകരിച്ച് കൂടുതൽ ക്ഷേമപദ്ധതികൾ ഉൾപ്പെടുത്തുകയും ക്ഷേമനിധിക്ക് പ്രത്യേകം ആസ്ഥാന മന്ദിരം ആരംഭിക്കുകയും ചെയ്തു.

നവീകരണ പ്രക്രിയയുടെ ഭാഗമായി വകുപ്പ് പുനഃസംഘടിപ്പിക്കുകയും ഡയറക്ടറേറ്റിൽ ഒരു അഡീഷണൽ ഡയറക്ടറുടെയും പ്രിന്റിംഗ് ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടറുടെയും തസ്തികകൾ അനുവദിക്കുകയും ചെയ്തു. നറുക്കെടുപ്പ് ഫലം പ്രസിദ്ധീകരിക്കുന്നതിന് ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയും റിസൾട്ടുകൾ അപ്പപ്പോൾ തന്നെ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതും നവീകരണ പ്രക്രിയയുടെ ഭാഗമായാണ്.

(സി) ഭാഗ്യക്കുറി വിൽപനയിലും വകുപ്പിന്റെ ലാഭത്തിലും നല്ല വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

വകുപ്പിന്റെ നടത്തിപ്പിൽ വരുത്തിയ പരിഷ്കാരങ്ങളുടെ ഫലമായി പൊതുജനങ്ങൾക്കും ഏജന്റുമാർക്കും കൂടുതൽ വേഗത്തിലും ഫലപ്രദമായും സേവനം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഏജൻസി ഫീസ് പുതുക്കൽ ഫീസ് എന്നിവ ഗണ്യമായി കുറച്ചതിനെ തുടർന്ന് കൂടുതൽ ഏജന്റുമാരെ ആകർഷിക്കുന്നതിന് കഴിഞ്ഞു. പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി നടന്നു വരുന്ന ഓഫീസ് നവീകരണനടപടികളുടെ ഫലമായി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം ലഭ്യമാക്കുവാൻ കഴിയും.

(ഡി) ഇല്ല. ഭാഗ്യക്കുറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)	വർഷം	വരുമാനം (കോടിയിൽ)
	2006-07	236.15
	2007-08	333.85
	2008-09	484.57
	2009-10	625.74

(എഫ്) സമ്മാന ഘടനയിൽ മാറ്റങ്ങൾ വരുത്തിയതുമൂലം ഭാഗ്യക്കുറി വിറ്റുവരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ 484.57 കോടി രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ 625.74 കോടി രൂപയും വിറ്റുവരവ് ഇനത്തിൽ ലഭിക്കുകയുണ്ടായി.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സർക്കാരിന്റെ നാലുവർഷത്തെ പ്രവർത്തനം

1 (4329) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള നാലു വർഷത്തെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം മേഖലകളിൽ സർക്കാരിന് ഗണ്യമായ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു എന്നു വ്യക്തമാക്കുമോ ; ഐ.ടി. മേഖലയിൽ എന്തു മാത്രം വളർച്ച നേടാൻ കഴിഞ്ഞു ;

(സി) നാലു വർഷം കൊണ്ട് എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലില്ലായ്മ എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ഇ) സാമൂഹ്യക്ഷേമരംഗത്ത് എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly